# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3017
## 18.10.2016 ലെ മറുപടിയ്ക്ക്
## പങ്കാളിത്ത പെൻഷൻ പദ്ധതി

**ചോദ്യം :**
**ശ്രീ.ആർ. രാമചന്ദ്രൻ**

**ഉത്തരം :**
**ഡോ.ടി.എം.തോമസ് ഐസക്**
**(ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ | പങ്കാളിത്ത പെൻഷൻ പദ്ധതിയിലൂടെ സർക്കാർ ജീവനക്കാരിൽ നിന്ന് ശേഖരിക്കുന്ന വിഹിതം ഏതെങ്കിലും പൊതു അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചും 14.08.2008 ലെ കേന്ദ്ര സർക്കാരിന്റെ 5(88)2006 പി.ആർ എന്ന നോട്ടിഫിക്കേഷൻ പ്രകാരവും എസ്.ബി.ഐ പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.ടി.ഐ റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പീ സോണുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളിലാണ് പെൻഷൻ ഫണ്ട് നിക്ഷേപിച്ചിരിക്കുന്നത്. പ്രസ്തുത തുകയുടെ മാനേജ്മെന്റിനു വേണ്ടി എൻ.പി.എസ് ട്രസ്റ്റ് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി | പ്രസ്തുത തുകയുടെ മാനേജ്മെന്റിനു വേണ്ടി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | |
| സി | പ്രസ്തുത തുക ട്രഷറിയിൽ തന്നെ കണക്കാക്കപ്പെടുകയാണോയെന്നും ഈ തുക വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് പദ്ധതിയുണ്ടോയെന്നും വ്യക്തമാക്കുമോ? | ഗവൺമെന്റ് ഓഫ് ഇന്ത്യ പരാമർശിച്ചിട്ടില്ലാത്ത മറ്റൊരു ഏജൻസിയിലും എൻ.പി.എസ് വിഹിതം അടവാക്കാൻ നിലവിൽ വ്യവസ്ഥയില്ല. 1956 ലെ SCRA(Securities Contracts (Regulation) Act, 1956) പ്രകാരം ട്രഷറിയിൽ സെക്യൂരിറ്റി ഫണ്ട് തുടങ്ങാനും വ്യവസ്ഥയില്ല. ഈ സാഹചര്യത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ തുക ട്രഷറിയിൽ നിക്ഷേപിക്കാൻ നിലവിൽ സാധിക്കില്ല. |

**സെക്ഷൻ ഓഫീസർ**